"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പാലക്കാട് ജില്ല- കൊപ്പം ഗ്രാമപഞ്ചായത്തിൽ മണ്ണ് നീക്കം ചെയ്യുന്നതിനായി 0853-00-102-99-04 (Director of Panchayats) എന്ന ശീർഷകത്തിൽ തെറ്റായി ഒടുക്കിയ തുക റീഫണ്ട്- അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.604/2026/LSGD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:- പ്രിൻസിപ്പൽ ഡയറക്ടറുടെ 14-08-2025 തീയതിയിലെ LSGD/PD/23407/2025-REV1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണം നടത്തുന്നതിനായി ശ്രീ. വേണുഗോപാലൻ, ശ്രീ. ഉണ്ണികൃഷ്ണൻ എന്നിവർക്ക് പെർമിറ്റ് അനുവദിച്ചിരുന്നെന്നും പ്രസ്തുത സ്ഥലത്തുനിന്നും മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിംങ്ങ് & ജിയോളജി വകുപ്പിന്റെ 0852-00-102-99-01 (Director of mining & Geology) എന്ന ശീർഷകത്തിന് പകരം 0853-00-102-99-04 (Director of Panchayats) എന്ന ശീർഷകത്തിൽ അപേക്ഷകർ തെറ്റായി തുക ഒടുക്കുവരുത്തിയെന്നും ഇപ്രകാരം തെറ്റായി ഒടുക്കുവരുത്തിയ 47853/- രൂപ തിരികെ ലഭിക്കുന്നതിന് ശ്രീ. വേണുഗോപാലൻ, ശ്രീ. ഉണ്ണികൃഷ്ണൻ എന്നിവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൽ അനുമതി ഉത്തരവാകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊപ്പം ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീ. വേണുഗോപാലൻ, ശ്രീ. ഉണ്ണികൃഷ്ണൻ എന്നിവർ 0853-00-102-99-04 (Director of Panchayats) എന്ന ശീർഷകത്തിൽ തെറ്റായി ഒടുക്കിയ 47,853/- രൂപ (നാല്പത്തി ഏഴായിരത്തി എണ്ണൂറ്റി അമ്പത്തി മൂന്ന് രൂപ മാത്രം), തുക ഒടുക്കിയ 0853-00-102-99-04 എന്ന ശീർഷകത്തിൽ നിന്നും ശ്രീ.വേണുഗോപാലൻ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഉണ്ണികൃഷ്ണൻ പേർക്ക് തിരികെ റീഫണ്ട് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ടി തുക അപേക്ഷകന് മാറി നൽകുന്നതിനായി കൊപ്പം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ഡ്രോയിങ് & ഡിസ്ബേഴ്സിംഗ് ഓഫീസറായി ചുമതലപ്പെടുത്തുന്നു.

4. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ അനുമതി ഉത്തരവിന്റെ വിശദാംശങ്ങളും ചലാൻ സംബന്ധിച്ച വിശദാംശങ്ങളും സഹിതം റീഫണ്ടിനാവശ്യമായ ക്രമീകരണം ട്രഷറി ആപ്ലിക്കേഷനിൽ വരുത്തുന്നതിനായി ട്രഷറിയെ സമീപിക്കേണ്ടതും ട്രഷറി ആപ്ലിക്കേഷനിൽ മാറ്റം വരുത്തി ലഭ്യമാകുന്ന മുറയ്ക്ക് തുക അപേക്ഷകന് മാറി നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി
ജോയിന്റ് ഡയറക്ടർ , എൽ.എസ്.ജി.ഡി പാലക്കാട്(പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി മുഖാന്തരം)
സെക്രട്ടറി, കൊപ്പം ഗ്രാമപഞ്ചായത്ത്.
സബ്ട്രഷറി ആഫീസർ, പട്ടാമ്പി
അക്കൗണ്ടന്റ് ജനറൽ (എ&ഇ /എൽ ബി എ & എ) കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ് ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ (ഡെവലപ്മെന്റ്-വിങ് ) വകുപ്പ് (ഡെവ-4/308/2025-ധന.) (ഇ:3360398)
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (FM1/220/2025-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 06-03-2026 13:01:48